## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 852 — 08.03.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ:<br>ശ്രീ. സാജു പോൾ:<br>ശ്രീമതി.കെ.എസ്.സലീഖ:<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് മിനിമം വേതനം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് എപ്പോഴാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് മിനിമം വേതനം അനുവദിച്ചുകൊണ്ട് ഏറ്റവും ഒടുവിൽ ഉത്തരവിറക്കിയത് 16/12/2009 -ലെ ജി.ഒ.(എം.എസ്) 174/09/തൊഴിൽ ഉത്തരവ് പ്രകാരമാണ്. ഇതിൽ സ്വകാര്യ ആശുപത്രികൾ,ഡിസ്പെൻസറികൾ,ഫാർമസികൾ, സ്കാനിംഗ് സെൻററുകൾ എക്സ്-റേ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് നൽകേണ്ട കൂലി നിരക്കുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി)സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ ഇപ്പോൾ സമരത്തിലായിരിക്കുന്നതിൻെറകാരണംവിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പ്രധാനമായും നിശ്ചയിക്കപ്പെട്ടിട്ടുള്ള മിനിമം വേതനം ലഭിക്കാത്തതിനാലും ക്രമപ്രകാരമല്ലാത്ത ജോലി സമയങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നതും സമരത്തിന് കാരണമായതായി കാണുന്നു. |
| (സി) തൊഴിൽ വകുപ്പ് സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനയിൽ എന്തെല്ലാം തൊഴിൽ നിയമങ്ങളുടെ ലംഘനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) കേരളാ ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട്, മിനിമം വേജസ് ആക്ട്, നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ട്, മെറ്റേർണിറ്റി ബനിഫിറ്റ് ആക്ട് എന്നീ ആക്ടുകളുടെ ലംഘനങ്ങൾ നടന്നുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |

ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എങ്കിൽ നിയമലംഘകർക്കെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) നിയമലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ പരിശോധനാ നോട്ടീസ് നൽകുകയും പരിശോധന തുടങ്ങി 45 ദിവസങ്ങൾക്കകം പരിഹരിക്കാത്തവയ്ക്ക് ക്ലെയിം പെറ്റിഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ ലേബർ ഓഫീസർ (ഇ) മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) മിനിമം വേതനം കാലികമായി പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(ഇ) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ആഫീസർ.